# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4045 | | 16.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ക്ഷേമപെൻഷൻ വിതരണം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കേരളത്തിൽ ഇന്ന് നിലവിലുള്ള ക്ഷേമപെൻഷൻ ഏതൊക്കെയാണ്; വിശദമാക്കാമോ; | (എ) | കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അഞ്ചിനം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തു വരുന്നത്.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ<br>5. കർഷക തൊഴിലാളി പെൻഷൻ |
| (ബി) | ക്ഷേമപെൻഷനുകളിൽ കുടിശ്ശിക വന്നത് ഏതൊക്കെയാണ്; ഉണ്ടെങ്കിൽ ഇത് എത്രമാസം വന്നിട്ടുണ്ട്; | (ബി) | നിലവിൽ എല്ലാ ക്ഷേമപെൻഷനുകളും 2017 മാർച്ച് മാസം വിതരണം ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തെ തുക എല്ലാ പെൻഷനുകളിലും കുടിശ്ശികയായിട്ടുണ്ട്. |
| (സി) | ക്ഷേമ പെൻഷൻ വിതരണത്തിലൂടെ സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ട്; വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരം അനുസരിച്ച് ക്ഷേമപെൻഷൻ വിതരണത്തിന് സർക്കാരിന് പ്രതിവർഷം 5785.45 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാവുന്നുണ്ട്. |

സെക്ഷൻ ഓഫീസർ